# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3941 27.06.2012-ൽ മറുപടിയ്ക്ക്

## എസ്.എ.ടി. ആശുപത്രിയിൽ അണുബാധയേറ്റ ശിശുക്കളുടെ എണ്ണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ എത്ര ശിശുക്കൾക്ക് അണുബാധയേറ്റിട്ടുണ്ട്; | (എ) | എസ്.എ.ടി. ആശുപത്രിയിൽ 2011 മേയ് മാസം മുതൽ 2012 ഏപ്രിൽ മാസം വരെയുള്ള ഒരുവർഷക്കാലയളവിൽ 9,516 പ്രസവങ്ങൾ നടന്നതിൽ അണുബാധമൂലമുള്ള മരണനിരക്ക് 1% ത്തിൽ താഴെയാണ്. കണക്കുകൾ ചുവടെ ചേർക്കുന്നു.<br>എസ്.എ.ടി. യിൽ പ്രസവിച്ച് അണുബാധ സ്ഥിരീകരിച്ച് ഐ.ബി.എൻ.ൽ പ്രവേശിപ്പിച്ചവർ 88 കുഞ്ഞുങ്ങളാണ്. മരണപ്പെട്ടത് 5 കുട്ടികളാണ്. മറ്റു ആശുപത്രികളിൽ പ്രസവിച്ച് അണുബാധ സ്ഥിരീകരിച്ച് ഒ.ബി.എൻ.ൽ പ്രവേശിപ്പിച്ച-വരുടെ കണക്ക് 104 ആണ്. അതിൽ മരിച്ച കുഞ്ഞുങ്ങൾ 9 പേരാണ്. |
| (ബി) സംസ്ഥാനത്തെ മറ്റ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ശിശുക്കൾക്ക് അണുബാധയേറ്റ സംഭവം റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) ഉണ്ടെങ്കിൽ എത്ര എണ്ണം വീതമാണ് ഓരോ ആശുപത്രിയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്? | (സി) | തൃശ്ശൂർ മെഡിക്കൽ കോളേജിൽ 60 കുട്ടികളും, ഐ.എം.സി.എച്ച്, കോഴിക്കോട് പീഡിയാട്രിക്സ് വിഭാഗത്തിലും, സർജറി വിഭാഗത്തിലും കൂടി 576 കുട്ടികളും അണുബാധയ്ക്ക് ചികിത്സ തേടിയിട്ടുണ്ട്. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ നിന്നും വിവരം ലഭിച്ചിട്ടില്ല. |

| | | |
|---|---|---|
| | | വിവിധ ജില്ലാ, താലൂക്ക് ആശുപത്രികളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള അണുബാധ ഏറ്റ ശിശുക്കളുടെ എണ്ണം ഇപ്രകാരമാണ്.<br>**എറണാകുളം :**<br>എറണാകുളം ജനറൽ ആശുപത്രി - 115<br>ആലുവ ജില്ലാ ആശുപത്രി - 71<br>നോർത്ത് പറവൂർ THQ ആശുപത്രി - 47<br>**തൃശ്ശൂർ :**<br>ചാലക്കുടി THQ ആശുപത്രി - 11<br>ഇരിങ്ങാലക്കുട THQ ആശുപത്രി - 20<br>**പാലക്കാട് :**<br>പാലക്കാട് ജില്ലാ ആശുപത്രി - 69<br>**വയനാട് :**<br>ബത്തേരി THQ ആശുപത്രി - 3<br>വൈത്തിരി THQ ആശുപത്രി - 15<br>മാനന്തവാടി ജില്ലാ ആശുപത്രി - 103<br>കല്പറ്റ ജനറർ ആശുപത്രി - 91<br>പുല്പള്ളി CHC - 21<br>**കാസറഗോഡ് :**<br>കാസറഗോഡ് ജനറൽ ആശുപത്രി - 14<br>കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി - 299<br>**കണ്ണൂർ :**<br>കണ്ണൂർ ജില്ലാ ആശുപത്രി - 78<br>തലശ്ശേരി ജനറൽ ആശുപത്രി - 71<br>മങ്ങാട്ടുപറമ്പ് W&C ആശുപത്രി - 102<br>തിരുവനന്തപുരം , കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കോഴിക്കോട് എന്നീ ജില്ലകളിലെ സർക്കാർ ആശുപത്രികളിൽ നിന്നും ശിശുക്കളുടെ അണുബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ